ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:05.11.2024

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് ഈ മാസം 25 ന് തുടക്കമാവും.

2. മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ലെന്ന് റവന്യൂ മന്ത്രി കെ രാജൻ.

3. സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് മണ്ഡലങ്ങളിലും പ്രചാരണം ഊർജ്ജിതമായി തുടരുന്നു.

4. ആനകളെ വിവിധ ചടങ്ങുകളിൽ എഴുന്നള്ളിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ വേണമെന്ന് ഹൈക്കോടതിയോട് ശുപാർശ ചെയ്ത് അമിക്കസ് ക്യൂറി റിപ്പോർട്ട്.

5. സംസ്ഥാന സ്കൂൾ കായിക മേളയിൽ ഗെയിംസ്, അക്വാട്ടിക് വിഭാഗങ്ങളിൽ ഉജ്വല പ്രകടനം കാഴ്ചവച്ച് തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു.

6. യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ആരംഭിച്ചു.

*****************************************

RNU TVPM

## പാർലമെൻറ്

പാർലമെൻറിൻറെ ശീതകാല സമ്മേളനം ഈ മാസം 25 മുതൽ ഡിസംബർ 20 വരെ നടക്കുമെന്ന് കേന്ദ്ര പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു. ഭരണഘടന അംഗീകരിച്ചതിൻറെ 75-◌ാ◌ം വാർഷികം ഈ മാസം 26 ന് ആഘോഷിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു. നിരവധി സുപ്രധാന നിയമനിർമാണങ്ങൾക്ക് ശീതകാല സമ്മേളനം സാക്ഷ്യം വഹിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

********************************

## ജയശങ്കർ-കാനഡ

കാനഡ തീവ്രവാദ ശക്തികൾക്ക് രാഷ്ട്രീയ ഇടം നൽകുന്നതായി വിദേശകാര്യമന്ത്രി എസ്. ജയശങ്കർ. ഓസ്ട്രേലിയൻ വിദേശകാര്യമന്ത്രി പെന്നി വോങ്ങിനൊപ്പം കാൻബറയിൽ നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിലാണ് ശ്രീ ജയശങ്കർ വിമർശനം ഉന്നയിച്ചത്. കാനഡയിൽ ഹിന്ദു സഭാ ക്ഷേത്രത്തിന് നേരെ ഉണ്ടായ ആക്രമണം ആശങ്കാജനകമാണെന്നും അദ്ദേഹം പറഞ്ഞു. തെളിവുകളുടെ അടിസ്ഥാനത്തിൽ അല്ലാത്ത ആരോപണങ്ങൾ കാനഡ പതിവ് രീതിയാക്കിയതായും അദ്ദേഹം വിമർശിച്ചു.

RNUTVPM

********************************

## മുണ്ടക്കൈ ഇൻട്രോ

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ലെന്ന് റവന്യൂ മന്ത്രി കെ രാജൻ . ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ടു പോകുമെന്നും പുനരധിവാസത്തെക്കുറിച്ച് ആശങ്ക വേണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സ്ഥിരം പുനരധിവാസം

യാഥാർത്ഥ്യമാകുന്നത് വരെ ദുരന്തബാധിതർക്കുള്ള സഹായം തുടരുമെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

*******************************

## ഉപതിരഞ്ഞെടുപ്പ് പ്രചാരണം

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന മൂന്ന് മണ്ഡലങ്ങളിലും പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയപാർട്ടികൾ. വയനാട് ലോക്സഭ മണ്ഡലത്തിലെ യു.ഡി.എഫ് സ്ഥാനാർത്ഥി പ്രിയങ്കഗാന്ധിയുടെ രണ്ടാംഘട്ട പ്രചാരണം ഇന്ന് വണ്ടൂർ, നിലമ്പൂർ മണ്ഡലങ്ങളിൽ നടന്നു. എൽ.ഡി.എഫ് സ്ഥാനാർഥി സത്യൻ മൊകേരി നിലമ്പൂർ മണ്ഡലത്തിലാണ് ഇന്ന് പ്രചാരണം നടത്തിയത്. മുഖ്യമന്ത്രി പിണറായി വിജയൻ നാളെ വയനാട് മണ്ഡലത്തിൽ എൽഡിഎഫ് തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നുണ്ട്. എൻ.ഡി.എ സ്ഥാനാർഥി നവ്യ ഹരിദാസിന്റെ പ്രചാരണം ബത്തേരിയിൽ ആയിരുന്നു. പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും പ്രചാരണം ഊർജിതമായി മുന്നേറുകയാണ്. രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കളെല്ലാം സജീവമായി രംഗത്തുണ്ട്.

*******************************

## അമിക്കസ് ക്യൂറി - ഹൈക്കോടതി

ആനകളെ വിവിധ ചടങ്ങുകൾക്ക് എഴുന്നള്ളിക്കുന്നതിന് കർശന നിയന്ത്രണങ്ങൾ വേണമെന്ന് ശിപാർശ ചെയ്ത് അമിക്കസ് ക്യൂറി ഹൈക്കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു. മതപരമായ ചടങ്ങുകൾക്ക് മാത്രമേ ആനകളെ ഉപയോഗിക്കാൻ പാടുള്ളൂ എന്നും, ഉദ്ഘാടനങ്ങളുൾപ്പടെ മറ്റു ചടങ്ങുകൾക്ക്

RNU TVPM

ഉപയോഗിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രണ്ട് എഴുന്നള്ളിപ്പുകൾക്കിടയിൽ 24 മണിക്കൂർ വിശ്രമം അനുവദിക്കണം, 65 വയസ്സ് കഴിഞ്ഞ ആനകളുടെ എഴുന്നള്ളിപ്പ് തടയണം തുടങ്ങിയവയും റിപ്പോർട്ടിൽ നിർദേശിച്ചിട്ടുണ്ട്. ഒരു ദിവസം 100 കിലോമീറ്ററിലധികം ആനകളെ വാഹനങ്ങളിൽ കൊണ്ടുപോകരുതെന്നും റിപ്പോർട്ടിൽ നിർദേശിക്കുന്നു.

*******************************

## ശബരിമല-എ.കെ.ശശീന്ദ്രൻ

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് വനംവകുപ്പിൻ്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്താൻ വനം മന്ത്രി എ.കെ.ശശീന്ദ്രൻ്റെ നേതൃത്വത്തിൽ പമ്പയിൽ അവലോകന യോഗം ചേർന്നു. പമ്പയിലും സന്നിധാനത്തും വനംവകുപ്പിൻറെ ഓരോ കൺട്രോൾ റൂമുകൾ ഈ മാസം 15 മുതൽ ആരംഭിക്കുന്നതിൻറെ വിശദാംശങ്ങൾ യോഗം വിലയിരുത്തി. ളാഹ, പ്ലാപ്പള്ളി, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ എലിഫൻറ് സ്ക്വാഡ്, സ്നേക്ക് റെസ്ക്യൂ ടീം എന്നിവയുടെ പ്രവർത്തനം 24 മണിക്കൂറും ഉറപ്പുവരുത്താനും തീരുമാനിച്ചിട്ടുണ്ട്.

RNUTVPM

*******************************

## ശബരിമല

ശബരിമല തീർത്ഥാടന കാലത്ത് സന്നദ്ധ സേവനം അനുഷ്ഠിക്കുവാൻ താത്പര്യവും അംഗീകാരവുമുള്ള ആരോഗ്യ പ്രവർത്തകരെ സ്വാഗതം ചെയ്യുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോന്നി മെഡിക്കൽ കോളേജ്, പത്തനംതിട്ട ജനറൽ ആശുപത്രി, പമ്പ, സന്നിധാനം തുടങ്ങിയ ആശുപത്രികളിലും നിലക്കൽ, നീലിമല, അപ്പാച്ചിമേട്, തുടങ്ങിയ ആരോഗ്യ സേവന കേന്ദ്രങ്ങളിലുമായിരിക്കും നിയമനം.

ആരോഗ്യവകുപ്പിൽ നിന്നും വിരമിച്ചവർ ഉൾപ്പെടെയുള്ളവർക്ക് അവസരമുണ്ട്. താത്പര്യമുള്ളവർ dhssabarimala@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ഈ മാസം 11നകം അപേക്ഷ സമർപ്പിക്കണം.

*******************************

## മദ്രസ വിദ്യാഭ്യാസ നിയമം

ഉത്തർപ്രദേശ് മദ്രസ വിദ്യാഭ്യാസ നിയമത്തിൻറെ ഭരണഘടനാ സാധുത സുപ്രീംകോടതി ശരിവച്ചു. 2004ലെ ഈ നിയമം ഭരണഘടനാ വിരുദ്ധമെന്ന് ചൂണ്ടിക്കാട്ടി റദ്ദാക്കിയ അലഹബാദ് ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി റദ്ദാക്കി. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ മൂന്നംഗ ബെഞ്ചിൻറേതാണ് വിധി. യുജിസി ചട്ടവുമായി വൈരുദ്ധ്യമുള്ളതിനാൽ, മദ്രസ നിയമത്തിലെ ഫാസിൽ, കാമിൽ ബിരുദങ്ങൾ ഒഴിവാക്കാമെന്നും കോടതി പറഞ്ഞു.

RNUTVPM

*******************************

## സ്കൂൾ കായികമേള (ഇൻട്രോ)

സംസ്ഥാന സ്കൂൾ കായികമേളയിൽ മേധാവിത്വം തുടർന്ന് തിരുവനന്തപുരം ജില്ല. ഗെയിംസ് ഇനങ്ങളിലെ 265 മത്സരങ്ങൾ പൂർത്തിയായപ്പോൾ 668 പോയിന്റുകളാണ് തിരുവനന്തപുരം ജില്ല നേടിയത്. 343 പോയിന്റുകളോടെ തൃശ്ശൂർ രണ്ടാം സ്ഥാനത്തും, 319 പോയിൻറുകൾ നേടി കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊച്ചി ലേഖകൻ രാജ് മോഹൻ..

(വോയ്സ്)

തിരുവനന്തപുരം സെൻറ് ജോസഫ് സ്കൂളും, വട്ടിയൂർകാവ് ഗവൺമെൻറ് VHSSഉം, കോട്ടൺഹിൽ ഗവൺമെൻറ് ഗേൾസ് HSSമാണ് ഗെയിംസ് വിഭാഗത്തിൽ മുന്നിലുള്ളത്. അക്വാട്ടിക്സ് വിഭാഗത്തിലും തിരുവനന്തപുരം 79 പോയിൻറുകളോട് ഒന്നാമതാണ്.

*******************************

## എൽ മുരുകൻ

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ നാളെ കേരളത്തിലെത്തും. നാളെ രാത്രി കൊച്ചിയിലെത്തുന്ന അദ്ദേഹം മറ്റന്നാൾ ഗുരുവായൂർ ഉൾപ്പെടെയുള്ള ക്ഷേത്രങ്ങൾ സന്ദർശിച്ച ശേഷം തമിഴ്നാട്ടിലേയ്ക്ക് തിരിക്കും. വെള്ളിയാഴ്ച തേനിയിലും നാമക്കല്ലിലും വിവിധ പരിപാടികളിൽ ശ്രീ.എൽ.മുരുഗൻ പങ്കെടുക്കും.

RNU TVPM

*******************************

## പ്രകാശ് ജാവേദ്കർ

കേരളത്തിലെ വഖഫ് ഭൂമി സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ സംസ്ഥാന സർക്കാർ പ്രസിദ്ധീകരിക്കണമെന്ന് മുതിർന്ന ബിജെപി നേതാവ് പ്രകാശ് ജാവഡേക്കർ. വഖഫ് ബോർഡ് എത്ര സർക്കാർ ഭൂമിയും, സ്വകാര്യഭൂമിയും അവകാശപ്പെടുന്നു എന്നതിൻറെ വിശദാംശങ്ങൾ നൽകണമെന്നും അദ്ദേഹം പാലക്കാട് മാധ്യമപ്രസ്താവനയിൽ ആവശ്യപ്പെട്ടു.

*******************************

## ജാമ്യാപേക്ഷ - പി പി ദിവ്യ

എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ റിമാൻഡിലായ കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി പി ദിവ്യ നൽകിയ ജാമ്യാപേക്ഷയിൽ വിധി പറയുന്നത് കോടതി ഈ മാസം എട്ടാം തീയതിയിലേക്ക് മാറ്റി . തലശ്ശേരി ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യാപേക്ഷയിൽ വാദം കേട്ടത്.

*******************************

## സദാശിവൻ നായർ

പ്രശസ്ത വിവർത്തകനും യുക്തിവാദിയുമായ എം.പി സദാശിവൻ നായർ അന്തരിച്ചു. ഇന്ത്യൻ ഓഡിറ്റ് വകുപ്പിൽ മുതിർന്ന ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം യുക്തിരേഖ മാസികയുടെ എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാര ചടങ്ങുകൾ തിരുവനന്തപുരം ശാന്തികവാടത്തിൽ നാളെ രാവിലെ 10.30 ന് നടക്കും.

*******************************

## യു എസ് പ്രസിഡൻറ് തിരഞ്ഞെടുപ്പ്

RNU TVPM

യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ആരംഭിച്ചു. റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും, മുൻ പ്രസിഡന്റുമായ ഡോണൾഡ് ട്രംപും ഡെമോക്രാറ്റിക്ക് സ്ഥാനാർത്ഥിയും വൈസ് പ്രസിഡന്റുമായ കമല ഹാരിസും തമ്മിലാണ് പോരാട്ടം. വോട്ടെടുപ്പ് നാളെ രാവിലെയോടെയോടെ പൂർത്തിയാകും. തിരഞ്ഞെടുപ്പിൽ വിജയിക്കാൻ ഒരു സ്ഥാനാർത്ഥിക്ക് 270 ഇലക്ടറൽ കോളേജ് വോട്ടുകൾ ആവശ്യമാണ്. എക്സിറ്റ് പോൾ ഫലങ്ങൾ നാളെ പുലർച്ചയോടെ പുറത്തുവരും. 2025 ജനുവരി 6 നായിരിക്കും ഔദ്യോഗിക ഫലപ്രഖ്യാപനം.

********************************

## മഴ

സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടി മിന്നലോടു കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

********************************

## തിയേറ്റർ സ്കൂൾ ഫെസ്റ്റിവൽ-ആർ ബിന്ദു

അന്തർദേശീയ തിയേറ്റർ സ്കൂൾ ഫെസ്റ്റിവലിൻറെ മൂന്നാം പതിപ്പ് 2025 ഫെബ്രുവരി മൂന്നു മുതൽ എട്ടു വരെ തൃശ്ശൂരിൽ നടക്കുമെന്ന് മന്ത്രി ആർ ബിന്ദു. സ്കൂൾ ഓഫ് ഡ്രാമ ആൻഡ് ഫൈൻ ആർട്സ് സംഘടിപ്പിക്കുന്ന ഫെസ്റ്റിവലിൽ ഇന്ത്യക്കകത്തും പുറത്തുമുള്ള സർവകലാശാലകളിൽ നിന്നടക്കം ഇരുനൂറോളം പേർ പങ്കെടുക്കും.

RNUTVPM

********************************

## സ്കൂൾ ഓഫ് ഡ്രാമ

സ്കൂൾ ഓഫ് ഡ്രാമയിൽ മൂന്ന് റിസർച്ച് ചെയറുകൾ ആരംഭിക്കാൻ ധാരണയായതായി ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. നാടകരംഗത്തെ പ്രഗത്ഭരായ ജി ശങ്കരപ്പിള്ള, വയലാ വാസുദേവൻ പിള്ള, രാമചന്ദ്രൻ മൊകേരി എന്നിവരുടെ പേരിലാണ് റിസർച്ച് ചെയറുകൾ ആരംഭിക്കുന്നത്.

**************************************

## തൊഴിലുറപ്പ് വിഎൻ വാസവൻ

രാജ്യത്തെ തൊഴിലുറപ്പ് പദ്ധതിയുടെ മികവ് അളക്കുന്ന ഒമ്പത് മാനദണ്ഡങ്ങളിൽ നാലിലും കേരളം ഒന്നാമതെന്ന് മന്ത്രി വി എൻ വാസവൻ. ഇന്ത്യയിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 100 ശതമാനം പൂർത്തീകരിക്കുകയും ചെയ്ത ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നും അദ്ദേഹം പറഞ്ഞു.

************************************************************************************************************************

RNU TVPM